**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5054** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്യാസ് ഏജൻസി ഗോഡൗണുകളുടെ സുരക്ഷ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നത് നിർദ്ദിഷ്ട സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഓയിൽ കമ്പനികളാണ് ഗ്യാസ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത്. ഓയിൽ കമ്പനി നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡ പ്രകാരമാണോ ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നത് എന്ന് ആറുമാസത്തിലൊരിക്കൽ ഓയിൽ കമ്പനി അധികൃതർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധന വേളയിൽ എക്സ്പ്ലോസീവ്/ മലിനീകരണ നിയന്ത്രണ ലൈസൻസ് എന്നിവ സൂക്ഷിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. |
| (ബി) | ഗോഡൗണിലേക്ക് വരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിയ ലോറികൾ റോഡിൽ/റസിഡൻഷ്യൽ ഏര്യകളിൽ നിർത്തിയിടുന്നത് കാരണമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ അത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗോഡൗണിലേക്ക് വരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിയ ലോറികൾ റോഡിൽ/ റസിഡൻഷ്യൽ ഏര്യകളിൽ നിർത്തിയിടുവാൻ പാടുള്ളതല്ല. എൽ.പി.ജി ഓപ്പൺ ഫോറം കൂടിയ ഘട്ടത്തിലും അല്ലാതെയും ഓയിൽ കമ്പനി പ്രതിനിധികൾക്ക് ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വീഴ്ച കണ്ടെത്തിയാൽ നടപടിക്ക് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന വിവരവും ഗ്യാസ് ഏജൻസികളെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ